**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**28.12.2015-ന് വൈകുന്നേരം 3:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

ഹാജർ:-

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് **(ചെയർമാൻ)**
2. ശ്രീ.സുഭാഷ് ജോൺ മാത്യു, അഡീഷണൽ സെക്രട്ടറി, ഐ.ടി. ഡിപ്പാർട്ട്മെന്റ്
3. ശ്രീമതി.അഞ്ചു മേരി മാത്യു, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം
5. ശ്രീ.സി.പി.സുരേഷ്കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം **(മെമ്പർ സെക്രട്ടറി)**

"ഭരണ ഭാഷ – മാതൃഭാഷ"

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

### 28.12.2015-ന് വൈകുന്നേരം 3:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 8-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 8.1 | **30.09.2015 തീയതിയിൽ നടന്ന 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ.** |
| | 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.(മിനിട്ട്സിന്റെ പകർപ്പ് – **അനുബന്ധം**-1) |
| **എടുത്ത തീരുമാനം** | അംഗീകരിച്ചു. |
| 8.2 | **7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി.** |
| | **7.2(4.3)ഐ.കെ.എം-ന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.2(4.3) നമ്പർ തീരുമാനപ്രകാരം ഐ.കെ.എമ്മിന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് M/s.PN Krishna Mani & Co. Chartered Accountants നെ നിയമിക്കാൻ തീരുമാനിച്ചിരുന്നു. ആയത് പ്രകാരം പ്രസ്തുത വിവരം 19.10.2015 ലെ നം.7846/E1/2014/IKM കത്ത് പ്രകാരം M/s. PN Krishna Mani & Co. യെ അറിയിച്ചിട്ടുണ്ട്. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.3 ഐ.കെ.എമ്മിന്റെ 2013-14 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.3 നമ്പർ തീരുമാനപ്രകാരം ഐ.കെ.എമ്മിന്റെ 2013-2014 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് അംഗീകരിച്ചിരുന്നു. ആയതിൽ PF, Profession Tax മുതലായവ അടയ്ക്കുവാൻ വൈകിയതിന് കാരണം ആരാഞ്ഞ് അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും, Libility തിരിച്ചുപിടിക്കാൻ എടുത്ത തുടർ നടപടികളും, ആഡിറ്റർമാരുടെ റിപ്പോർട്ടിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ ഒരു റിപ്പോർട്ടും അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ റിപ്പോർട്ട് **അനുബന്ധം-2** ആയി ചേർക്കുന്നു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.8 ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.8 നമ്പർ തീരുമാനപ്രകാരം GIS Developer-റെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി Kerala Spatial Data Infrastructure (KSDI) മായി ബന്ധപ്പെട്ട് ഉചിതമായ നടിപടിഎടുക്കുവാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ KSDI ക്ക് 20.10.2015 ലെ No.IKM/GIS/01/2001നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ട്. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.12 ഐ.കെ.എമ്മിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.12 നമ്പർ തീരുമാനപ്രകാരം ഇടക്കാലാശ്വാസം നൽകുന്നതിനായി സർക്കാരിലേക്ക് ശുപാർശ നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 13.10.2015 ലെ |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | No.3560/E4/2015/IKM നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.16 സാംഖ്യ സോഫ്റ്റ്‌വെയർ വെബ്ബ് അധിഷ്ഠിതമാക്കുന്നതിനുള്ള പ്രോപ്പോസൽ അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.16 നമ്പർ തീരുമാനപ്രകാരം 19.10.2015 ന് നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ ശ്രീ.മനു സുരേന്ദ്രൻ, ശ്രീ.ആയ്യൂബ്.എം.എച്ച്, കുമാരി.മോനിഷ.ജി.നായർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ 31.03.2016 വരെ തിരഞ്ഞെടുത്തു. ശ്രീ. അയ്യൂബ്, കുമാരി.മോനിഷ.ജി.നായർ എന്നിവർ 20.10.2015 ന് ജോലിയിൽ പ്രവേശിച്ചു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.17 ഐ.കെ.എം സ്വരാജ് ഭവനിൽ പുതിയ ഡിജിറ്റൽ പി.ബി.എക്സ് സിസ്റ്റം വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.17 നമ്പർ തീരുമാനപ്രകാരം 27.10.2015 തീയതിയിലെ Order No.IKM/So-06/P&W/15 പ്രകാരം DGS&D Rate Rs.4,99,002/- ന് പുതിയ ഡിജിറ്റൽ പി.ബി.എക്സ് സിസ്റ്റം വാങ്ങി ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിച്ചു വരുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.18 സ്വരാജ് ഭവനിലെ ഐ.കെ.എം ഓഫീസിൽ അധികമായി ചെയ്ത സിവിൽ വർക്കുകൾക്ക് M/s.Habitat Technology Group തുക അനുവദിക്കുന്നത് സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.18 നമ്പർ തീരുമാനപ്രകാരം എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടിൻ മേൽ തുടർ നടപടികൾക്ക് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 03.10.2015 ലെ No.3657/P&W/IKM/2015 കത്ത് പ്രകാരം സ്വരാജ് ഭവനിലെ ഐ.കെ.എം ഓഫീസിൽ ചെയ്ത സിവിൽ വർക്കുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.19 ഐ.കെ.എം നിയമിച്ചിട്ടുള്ള ഡേറ്റാ എൻട്രി ഓപ്പറേറ്ററായ രശ്മി പി.ആർ ന്റെ ദിവസവേതനം വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.19 നമ്പർ തീരുമാനപ്രകാരം 07.11.2015 ലെ 8123/ഇ1/2014/IKM ഉത്തരവ് പ്രകാരം ശ്രീ.രശ്മി.പി.ആർ ന് ദിവസവേതനം വർദ്ധിപ്പിച്ച് നൽകി. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **7.21 ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 30.09.2015 ലെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 7.21 നമ്പർ തീരുമാനപ്രകാരം നിലവിലുള്ള ഒഴിവുകളും, പുതിയതായി രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വരുന്ന ഒഴിവുകളും സംബന്ധിച്ച പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാനും, അതോടൊപ്പം അപ്രന്റീസ് ട്രെയിനികളെ നിമിക്കുന്നതിനുള്ള പ്രൊപ്പോസലും സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരമുള്ള റിപ്പോർട്ട് **അനുബന്ധം-4** ആയി ചേർക്കുന്നു. |
| | **എടുത്ത തീരുമാനം:** കളമശ്ശേരി Supervisory Development Centre-ൽ നിന്നും 49 കംമ്പ്യൂട്ടർ ഡിപ്ലോമ യോഗ്യതയുള്ളവരെ 6000/-രൂപ സ്റ്റൈപ്പന്റോടുകൂടി നിയമിക്കുവാൻ തീരുമാനിച്ചു. സ്റ്റൈപ്പന്റിൽ ഗവൺമെന്റ് വിഹിതം നീക്കി ബാക്കി തുക ഐ.കെ.എമ്മിൽ നിന്നും നൽകുവാനും തീരുമാനിച്ചു. |
| 8.3 | **ഇൻഫർമേഷൻ കേരള മിഷന്റെ ഗവേണിംഗ് ബോഡി യോഗം കൂടുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരളാ മിഷൻ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തതിന് ശേഷമുള്ള ആദ്യ ഗവേണിംഗ് ബോഡി യോഗം 30 ഡിസംബർ 2015 ന് വൈകുന്നേരം 3 മണിക്ക് കൂടുന്നതിന് തീരുമാനിച്ച വിവരം എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുന്നു. |
| **എടുത്ത തീരുമാനം** | ശ്രദ്ധയിൽപ്പെടുത്തി. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 8.4 | **ശ്രീ.ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ - ശിക്ഷണനടപടി സംബന്ധിച്ച്.** |
| | 27.11.2014-ലെ 5-മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.3 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം ഐ.കെ.എമ്മിലെ സീനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീ. ആനന്ദ് യു.ആർ തുടർച്ചയായി മനപ്പൂർവ്വം സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായും, നിലവിലെ സംവിധാനങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും, അനുമതിയില്ലാതെ മെഡിക്കൽ അവധി എടുത്ത് വിദേശയാത്ര നടത്തുകയും, തുടർച്ചയായി അനുമതിയില്ലാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുക തുടങ്ങിയ കടുത്ത അച്ചടക്ക ലംഘനങ്ങൾ നടത്തിയതിനാൽ ശ്രീ.ആനന്ദ്.യു.ആർ-നെ സർവ്വീസിൽ നിന്നും പിരിച്ചു വിടാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ നടന്നു വരുന്ന സമയത്ത് ശ്രീ. ആനന്ദ്.യു.ആർ പരാമർശം രണ്ട് പ്രകാരം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്കും, ബഹുമാനപ്പെട്ട പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ LSGD-IB1/14/2015-LSGD dtd 13.01.2015-ന് ശ്രീ.ആനന്ദ് യു.ആർ-ന്റെ സർവ്വീസ് സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് അയച്ചു തരാൻ ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി കത്ത് നൽകുകയുണ്ടായി.<br><br>നം.364/ഐ.കെ.എം/ഇ-7/എ-9/2015 കത്ത് പ്രകാരം 19.02.2015 തീയതിയിൽ ശ്രീ.ആനന്ദ് യു.ആർ-ന്റെ സർവ്വീസ് സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിക്കുകയുണ്ടായി. ഈ വിവരം 30.09.2015 ൽ ചേർന്ന ഐ.കെ.എമ്മിന്റെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. **(അനുബന്ധം-5)** തുടർന്ന് 10.09.2015-ലെ തസ്വഭവ-ഐബി1/14/2015-തസ്വഭവ നമ്പർ കത്ത് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ സീനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീ.ആനന്ദ് യു.ആർ-നെ ശിക്ഷണ നടപടികളുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റിയ നടപടിയും, പിരിച്ചു വിടാൻ എടുത്ത തീരുമാനവും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പുനപരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്നാണ് 10.09.2015 തീയതിയിലെ നം.തസ്വഭവ-ഐബി1/14/2015-തസ്വഭവ കത്ത് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നത് **(അനുബന്ധം-6)**. ആയതിനാൽ ശ്രീ.ആനന്ദ് യു.ആർ-ന്റെ സർവ്വീസ് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | വിശദമായ റിപ്പോർട്ട് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. |
| 8.5 | **ശ്രീമതി.ദിവ്യമോൾ.കെ.ആർ, ജൂനിയർ ടെക്നിക്കൽ ഓഫീസർ, വൈക്കം ബ്ലോക്ക്, കോട്ടയം - ശൂന്യവേതന അവധി അനുവദിക്കുന്നത് സംബന്ധിച്ച്.** |
| | കോട്ടയം ജില്ലയിലെ വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ ജൂനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീമതി.ദിവ്യമോൾ.കെ.ആർ 08.06.2015 മുതൽ 24.10.2015 വരെ 139 ദിവസത്തെ ആർജ്ജിത അവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇതിനോടകം എടുത്ത് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 25.10.2015 മുതൽ 23.12.2015 വരെ 60 ദിവസത്തെ ശൂന്യവേതന(മെഡിക്കൽ) അവധിയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. പ്രസവ സംബന്ധമായ അസുഖം മൂലം ഡേക്ടർ റെസ്റ്റ് എടുക്കാൻ പറഞ്ഞതിനാലാണ് അവധിയിൽ പ്രവേശിക്കുന്നത് എന്ന് അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ഇങ്ങനെ തുടർച്ചയായി അവധിയിൽ പ്രവേശിയ്ക്കുന്നതിനാൽ പ്രസ്തുത ജീവനക്കാരിയുടെ തുടർന്നുള്ള അവധി അപേക്ഷയിൻമേൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 8.6 | **ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസ് പ്രതീക്ഷ ടവേഴ്സിൽ നിന്നും നന്തൻകോടുള്ള സ്വരാജ്ഭവനിലേക്ക് മാറ്റിയത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസ് പ്രതീക്ഷ ടവേഴ്സിൽ നിന്നും നന്തൻകോടുള്ള സ്വരാജ്ഭവനിലേക്ക് മാറുന്നതുമായി ബന്ധപ്പെട്ട് താൽകാലിക നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ, യു.പി.എസ്/ടെലഫോൺ കണക്ഷൻ എന്നിവ ചെയ്യുന്നതിനുള്ള 2,07,100/- രൂപയുടെ പ്രോപോസലിന് 27.11.2015 5-മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.5 നമ്പർ തീരുമാനപ്രകാരം അനുമതി നൽകിയിരുന്നു.<br><br>എന്നാൽ താൽകാലിക ഇലക്ട്രിഫിക്കേഷനായി വിജി ഇലക്ട്രിക്കൽസിനും, യു.പി.എസ് വച്ചവകയിൽ ഇഗാടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡിനും കൂടി വാടകയിനത്തിൽ (126000+127000) 2,53,000/- നൽകിയിട്ടുണ്ട്. ഇതിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അനുവദിച്ച 2,07,100/- രൂപയ്ക്ക് പുറമേ 45,900/-രൂപയും അധികമായി ടി പ്രവൃത്തികൾക്കായി ചെലവായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അധിക തുകയായ രൂപ 45900/- ചെലവ് വന്ന വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്നു. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 8.7 | **ഇൻഫർമേഷൻ കേരള മിഷനെ Total Service Provider (TSP) ആക്കുന്നത് സംബന്ധിച്ച്.** |
| | 22.12.2012-ലെ നമ്പർ (കൈയ്യെഴുത്ത്) 343/2012/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻകേരള മിഷനെ (ഐ.കെ.എം) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലെ ഒരു സ്വതന്ത്ര സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു പുറമേ മറ്റ് സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കു കൂടി കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതിക വിദ്യയും അനുബന്ധസേവനങ്ങളും നൽകുന്നതിനുള്ള ഒരു പൂർണ്ണ സേവന ദാതാവായി (Total Service Provider) അംഗീകരിക്കുക വഴി സ്വകാര്യമേഖലയിലുൾപ്പടെയുള്ള ഒട്ടനവധി സംരംഭങ്ങൾക്ക് ഐ.കെ.എമ്മിന്റെ സേവനം ലഭ്യമാക്കാനും ഐ.കെ.എമ്മിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും സ്വാശ്രയസ്ഥാപനമായി മാറാനും കഴിയുന്നതാണ്.<br>ഐ.കെ.എമ്മിനെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കൊപ്പം മറ്റ് ഇതര സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ Total Service Provider ആയി നിശ്ചയിക്കുന്നതിന് സർക്കാർ അംഗീകാരം നേടുന്നതിന് തുടർ നടപടി സ്വീകരിക്കാൻ അനുമതി നൽകുന്നതിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 8.8 | **2014-15 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | ഐ.കെ.എമ്മിന്റെ 2014-15 വർഷത്തെ പ്രവർത്തന റിപ്പോർട്ട് **അനുബന്ധം-3** അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 8.9 | **2016-2017 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി, ബഡ്ജറ്റ് പ്രൊപ്പോസൽ എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | ഐ.കെ.എം 2016-2017 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി, ബഡ്ജറ്റ് പ്രൊപ്പോസൽ എന്നിവ യഥാക്രമം **അനുബന്ധം-4, അനുബന്ധം-5** അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | സംസ്ഥാന ബഡ്ജറ്റ് കഴിഞ്ഞതിനു ശേഷം ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കുവാൻ തീരുമാനിച്ചു. |
| 8.10 | **ശ്രീമതി. പ്രജീഷ എസ്സ്, ജൂനിയർ ടെക്നിക്കൽ ഓഫീസറെ സംബന്ധിച്ച് മട്ടന്നൂർ നഗരസഭയിൽ നിന്ന് ലഭിച്ച പരാതി - സംബന്ധിച്ച്** |
| | മട്ടന്നൂർ നഗരസഭയിൽ ഐ.കെ.എം നിയോഗിച്ചിട്ടുള്ള ജൂനിയർ ടെക്നിക്കൽ ഓഫീസർ ശ്രീമതി. പ്രജീഷയെ മട്ടന്നൂർ നഗരസഭയിൽ നിന്ന് മാറ്റി നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 28.05.2015, 22.07.2015, 06.10.2015 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം മട്ടന്നൂർ നഗരസഭ ചെയർമാൻ ആവശ്യപ്പെട്ടിട്ടുണ്ട്. .മട്ടന്നൂർ നഗരസഭ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തിയുള്ള ഓഫീസായതിനാൽ അവിടെയുള്ള ഏതെങ്കിലും ഒരു സിസ്റ്റത്തിന് തകരാർ സംഭവിച്ചാൽ നഗരസഭ പ്രവർത്തങ്ങളെയാകെ ബാധിക്കുകയാണ് എന്നും, ഇത് എത്രയും വേഗം പരിഹരിക്കാൻ പ്രാപ്തിയുള്ള ആളായിരിക്കണം ഐ.കെ.എം നിശ്ചയിച്ച് നൽകുന്ന ടെക്നിക്കൽ അസിസ്റ്റന്റ് എന്നും., ഇക്കഴിഞ്ഞ മെയ് മാസത്തിൽ അകാലത്തിൽ പെയ്ത കാറ്റും, മഴയും, ഇടിമിന്നലിനെയും തുടർന്ന് നഗരസഭയിലെ കമ്പ്യൂട്ടർ സിസ്റ്റമാകെ തകരാറിലായപ്പോൾ ഇത് പരിഹരിക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റിന് ഏതാണ്ട് ഒരു മാസക്കാലം വേണ്ടരീതിയിൽ ഇടപെടാൻ കഴിഞ്ഞില്ല എന്നും, അതുകൊണ്ട് തന്നെ വാർഷിക പദ്ധതി DPC യ്ക്ക് മുന്നിൽ സമർപ്പിക്കാൻ വമ്പിച്ച കാലതാമസം വന്നുവെന്നും, കമ്പ്യൂട്ടർ ഹാർഡ് വെയർ സംബന്ധിച്ച് ശ്രീമതി. പ്രജീഷയ്ക്ക് വേണ്ടത്ര പരിജ്ഞാനമില്ലെന്നാണ് അനുഭവം എന്നും, മട്ടന്നൂർ നഗരസഭ പോലെ അതിവിപുലമായ സിസ്റ്റം ഉപയോഗിക്കുന്ന നഗരസഭയ്ക്കകത്ത് ഇതുപോലെ പരിജ്ഞാനമുള്ള ആളുകൾ പോര എന്നുള്ളതുകൊണ്ടും ശ്രീമതി. പ്രജീഷയെ മട്ടന്നൂർ നഗരസഭയിൽ നിന്ന് മാറ്റി പകരം ആളെ നിയമിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | ശ്രീമതി. പ്രജീഷ കൃത്യനിഷ്ഠയോട് കൂടി ജോലി ചെയ്യാത്തത് കാരണം നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഒട്ടേറെ പ്രയാസങ്ങൾ നേരിടുകയാണ് എന്നും, ഇയാളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഇതിനകം നിരവധി തവണ വാക്കാൽ നിർദ്ദേശങ്ങൾ നൽകിയിട്ടും യാതൊരു മാറ്റവും ഉണ്ടാകാത്ത സാഹചര്യത്തിൽ ശ്രീമതി. പ്രജീഷയ്ക്ക് മെമ്മോ നൽകിയിരുന്നുവെന്നും, പ്രസ്തുത മെമ്മോയ്ക്ക് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല എന്നും, ഇയാളുടെ നിരുത്തരവാദിത്തപരമായ പ്രവൃത്തി നിമിത്തം സിവിൽ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ഓഫീസിന്റെ പ്രവർത്തനങ്ങൾ താളം തെറ്റുകയും, പല ഘട്ടങ്ങളിലും പൊതുജന വികാരം ഉയരുകയും ചെയ്തിട്ടുണ്ട് എന്നും, ശ്രീമതി. പ്രജീഷ കൃത്യമായി ഓഫീസിൽ ഹാജരാകുകയോ അവധി വിവരം അറിയിക്കുകയോ ചെയ്യാറില്ല എന്നും, ഈ സാഹചര്യത്തിൽ ശ്രീമതി. പ്രജീഷയെ മട്ടന്നൂർ നഗരസഭയിൽ നിന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ശ്രീമതി. പ്രജീഷ എറണാകുളം ജില്ലയിൽ ജോലി ചെയ്തിരുന്ന സമയത്ത് ഇവരുടെ സേവനം തൃപ്തികരമല്ല എന്ന് കാണിച്ച് പരാതി ലഭിക്കുകയും, ഇതേതുടർന്ന് ശ്രീമതി. പ്രജീഷയെ എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്ന് 23.03.2015 ലെ 1240/ഇ1/2015/ഐ.കെ.എം നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതാണ്. മേൽ വിഷയം സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | ഉചിതമായ നടപടി സ്വീകരിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. |

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)